കേരള പോലീസ്
KERALA POLICE

# പ്രളയ ബാധിതർക്ക് കൈത്താങ്ങായി കോട്ടയം ജില്ലാ പോലീസ്




കോട്ടയം: വയനാട്ടിലെ പ്രളയ ബാധിതർക്ക് കൈത്താങ്ങുമായി കോട്ടയം ജില്ലാ പോലീസ്. ഒറ്റ ദിവസംകൊണ്ട് ജില്ലയിലെ സ്റ്റേഷനുകളിൽ നിന്നും പോലീസ് അനുബന്ധ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച സാധന സാമഗ്രികൾ അടങ്ങിയ വാഹനം ബഹുമാനപ്പെട്ട ജില്ല കളക്ടർ ശ്രീ പി.കെ സുധീർബാബു ഐ എ എസ് ഫ്ലാഗ്ഓഫ് ചെയ്തു. നിത്യോപയോഗ സാധനങ്ങളായ അരി, പയർ, ബിസ്കറ്റ് തുടങ്ങിയ ഭക്ഷ്യ വസ്തുക്കളും പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള തുണിത്തരങ്ങളും സ്ത്രീകൾക്കുള്ള അണ്ടർ ഗാർമെന്റ്സ്, നാപ്കിൻസ്, കുട്ടികൾക്കുള്ള ഡയെപ്പർ, ക്ലീനിംഗിനുള്ള ലോഷൻസ്, സോപ്പ് തുടങ്ങിയവയും അത്യാവശ്യ മരുന്നുകളും അടങ്ങിയ ലിസ്റ്റ് ജില്ലാ പോലീസ് മേധാവി ശ്രീ. സാബു ഐ.പി.എസ് ജില്ലാ കളക്ടർക്ക് കൈമാറി. ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ ശേഖരിച്ച വസ്തുക്കളുമായി പോലീസ് വാഹനം 13-08-2019 രാത്രി 7 മണിക്ക് കളക്ട്രേറ്റിൽ നിന്നും യാത്ര തിരിച്ചു. കോട്ടയം ജില്ലാ അഡീഷണൽ എസ് പി ശ്രീ എ നസിം, സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി ശ്രീ പാർത്ഥ സാരഥി, കോട്ടയം ഡി വൈ എസ് പി ശ്രീ. ശ്രീകുമാർ മുതലായവർ പങ്കെടുത്തു.

*ജില്ലാ പോലീസ്, കോട്ടയം*